## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.977

30.09.2016-ൽ മറുപടിക്ക്

# ഡാറ്റ ബാങ്ക്, തണ്ണീർത്തട നിയമങ്ങൾ

ചോദ്യം

ശ്രീ. എൻ .എ.നെല്ലിക്കുന്ന് :

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡാറ്റ ബാങ്ക്, തണ്ണീർത്തട നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ 17.11.2015-ലെ ജി.ഒ(പി) 611/2015/ആർ.ഡി പ്രകാരം സെക്ഷൻ 3 എ ഭേദഗതി വരുത്തിയിരുന്നു. എന്നാൽ പ്രസ്തുത ഭേദഗതി പിൻവലിക്കുന്നതായി 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമങ്ങളുടെ കാർക്കശ്യം മൂലം സാധാരണക്കാരായ ആളുകൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പാരമ്പര്യമായി കിട്ടിയ സ്വത്തിൽ എന്നോ കൃഷി ചെയ്തിരുന്നതിന്റെ പേരിൽ സാധാരണക്കാരുടെ ഭവനനിർമ്മാണ അവകാശം നിഷേധിക്കുന്നത് നീതി നിഷേധമാണെന്ന അഭിപ്രായം സർക്കാരിനുണ്ടോ; ഈ നിയമം മൂലം കേവലം അഞ്ച് സെന്റിൽ പോലും വീട് നിർമ്മിക്കാൻ സാധിക്കാത്തവർക്ക് വേണ്ടി എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ; | (ബി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം വീട് വയ്ക്കുന്നതിന് അനുയോജ്യമായ ഭൂമി ഇല്ലാത്ത നെൽവയലിന്റെ ഉടമസ്ഥർക്ക് വീട് വയ്ക്കുന്നതിനായി പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ച് സെന്റ് നിലം നികത്തുന്നതിനായി പ്രാദേശികതല നിരീക്ഷണ സമിതി മുഖേന അപേക്ഷ നൽകുവാനുള്ള വ്യവസ്ഥ നിലവിലുണ്ട്. ഇത്തരം അപേക്ഷകളിൽ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാതല അധികൃത സമിതി അനുമതി നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഡാറ്റാബാങ്ക് തണ്ണീർത്തട നിയമം മൂലം വീട് നിർമ്മിക്കാൻ കഴിയാത്ത എത്ര കുടുംബങ്ങൾ കേരളത്തിൽ ഉണ്ട് എന്ന് വ്യക്തമാക്കാമോ; ജില്ലതിരിച്ചുള്ള കണക്ക നൽകാമോ? | (സി) | നിയമപ്രകാരം അർഹരായവർക്ക് വീട് നിർമ്മിക്കാൻ തടസ്സങ്ങളില്ല. |

സെക്ഷൻ ഓഫീസർ